# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1483 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി.എം.ജോൺ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്തെ പൂർണ്ണമായും വെളിയിട വിസർജ്ജന മുക്തമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചതിന്റെ മുന്നോടിയായി 941 ഗ്രാമ പഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങൾക്ക് വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചു നൽകി ത്രിതല പഞ്ചായത്തുകളുടെ പിന്തുണ ഉറപ്പാക്കി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്ന് കണ്ടറിഞ്ഞ് തങ്ങളുടെ പദ്ധതി ഫണ്ടിൽ നിന്ന് ഗ്രാമ പഞ്ചായത്തുകൾ മുൻകൂർ പണം ചെലവഴിച്ചിരുന്നു. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൂടി പരിഗണിച്ചു കൊണ്ട് സാധാരണ നിരക്കിൽ കൂടുതൽ ചെലവു വരുന്നതും അനുയോജ്യ സാങ്കേതിക വിദ്യയോടുകൂടിയ ഗാർഹിക ശൗചാലയങ്ങളാണ് നിർമ്മിച്ചു നൽകിയത്. ഇതിലേക്ക് വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളിൽ നിന്നും ലഭിച്ച സി.എസ്.ആർ ഫണ്ടും ഉപയോഗിച്ചു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ജില്ലാ ഭരണ കൂടത്തിന്റെ മേൽനോട്ടം, കുടുംബശ്രീ സംഘങ്ങളുടെ പിന്തുണ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, എൻ.സി.സി തുടങ്ങിയ സംഘടനകളുടെ പിന്തുണ ജനപ്രതിനിധികളുടെ വിശിഷ്യാ നിയമ സഭാ സമാജികർ മണ്ഡലങ്ങളിൽ നടത്തിയ ഫലപ്രദമായ ഏകോപനം, യഥാസമയങ്ങളിൽ സംസ്ഥാന സർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്നിവ മൂലം കേന്ദ്ര സർക്കാർ ലക്ഷ്യമിട്ട സമയത്തിനു വളരെ മുമ്പേ തന്നെ ഈ നേട്ടം കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞു.<br>നഗരപ്രദേശങ്ങളിൽ അതാത് നഗരസഭകളുടെ ഉത്തരവാദിത്വത്തിൽ ഫീൽഡ്തല സർവേ, വെരിഫിക്കേഷൻ എന്നിവ സംഘടിപ്പിച്ചു. സർക്കാർ പണം സമയബന്ധിതമായി നൽകി. നഗരപ്രദേശങ്ങളിൽ ആകെ 29597 വ്യക്തിഗത ഗാർഹിക ശൗചാലയങ്ങളാണ് പണിയുവാൻ |

| | | | |
|---|---|---|---|
| | | | ഉണ്ടായിരുന്നത്. അതിൽ 29055 ശൗചാലയങ്ങളുടെ പണി പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വെളിയിട വിസർജ്ജന മുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്; വിവരിക്കുമോ; | (ബി) | സംസ്ഥാനത്ത് 941 ഗ്രാമ പഞ്ചായത്തുകളെ സമ്പൂർണ്ണ വെളിയിടവിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>93 നഗരസഭകളിൽ 92 നഗരസഭകളും വെളിയിടവിസർജ്ജന വിമുക്ത നഗരങ്ങളായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മാത്രമാണ് നിലവിൽ ഒ.ഡി.എഫ് പ്രദേശ മായി പ്രഖ്യാപിക്കപ്പെടാനുള്ളത്. കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ മേൽ നോട്ടത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ 51 നഗരസഭകളിൽ പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 19 നഗരസഭകൾക്ക് ഒ.ഡി.എഫ്. സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. |
| (സി) | വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം എന്ന ലക്ഷ്യം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്ത് 941 ഗ്രാമ പഞ്ചായത്തുകളെ സമ്പൂർണ്ണ വെളിയിടവിസർജ്ജന വിമുക്ത പ്രദേശമായി 2016 നവംബർ 1 ന് പ്രഖ്യാപിച്ചിട്ടുണ്ട്. സമീപ ഭാവിയിൽ തന്നെ സംസ്ഥാനത്തെ നഗര പ്രദേശങ്ങളെയും പൂർണ്ണമായി ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ